©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ഒക്ടോബർ 2<br>2nd October 2018<br>1194 കന്നി 16<br>16th Kanni 1194<br>1940 ആശ്വിനം 10<br>10th Aswina 1940 | നമ്പർ<br>No. | 39 |


## PART III

# Fisheries Department

പരസ്യം

(1)

നമ്പർ ഐ/2663/2016. 2018 ഫെബ്രുവരി 12.

1996-ാമാണ്ട് 28-ാം തീയതി ശക്തികുളങ്ങര ചേരിയിൽ പുത്തൻതുരുത്തിൽ ജോസ് ഭവനിൽ ശ്രീ. പ്ലാസിഡ് പേർക്ക് നീണ്ടകര പാലത്തിന് കിഴക്കുവശം പുത്തൻപാട്ടിൽ 15, 16 എന്നീ നമ്പർ കൊടുത്തിട്ടുള്ള ഊന്നി വലപ്പാടുകളും ടി പാടുകൾ സ്ഥിതി ചെയ്യുന്ന 6 സെന്റ് വെള്ളക്കെട്ട് സ്ഥലവും തെക്കുംഭാഗം വില്ലേജിൽ തെക്കുംഭാഗം മുറിയിൽ പുത്തൻതുരുത്തിൽ വീട്ടിൽ ശ്രീമതി ത്രേസ്യാ മകൾ ശ്രീമതി ജയിൻ വിലയാധാരം ചെയ്ത് നൽകിയിട്ടുള്ളതാണ്. ടി ഊന്നിവലപ്പാടുകൾ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി 15, 16 ഊന്നിവലപ്പാടുകൾ 1987-ാമാണ്ട് നവംബർ മാസം 25-ാം തീയതി ചവറ സബ് രജിസ്ട്രാറാഫീസിലെ 4004-ാം നമ്പർ വിലയാധാര പ്രകാരം തെക്കുംഭാഗം വില്ലേജിൽ തെക്കുംഭാഗം മുറിയിൽ പുത്തൻതുരുത്തിൽ വീട്ടിൽ ശ്രീമതി ത്രേസ്യാ മകൾ ശ്രീമതി ജയിൻ പേർക്ക് ശക്തികുളങ്ങര കേളേപ്പിള്ള തുരുത്തിൽ ശ്രീമതി വിക്ടോറിയ ഫെർണാണ്ടസ് വിലയാധാരം ചെയ്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ 1956-ലെ ചവറ സബ് രജിസ്ട്രാറാഫീസിലെ 1325-ാം നമ്പർ വിലയാധാരപ്രകാരം ശ്രീമതി വിക്ടോറിയ ഫെർണാണ്ടസ് പേർക്ക് അഷ്ടമുടിക്കായലിൽ സർവ്വേ 1214-ൽ 7, 8, 9, 10, 11 എന്നീ ഊന്നി വലപ്പാടുകളാണ് ശക്തികുളങ്ങര ചേരിയിൽ മദാമ്മത്തോപ്പിൽ ശ്രീ. പീറ്റർ ഫെർണാണ്ടസ് മുതൽ പേർ ചേർന്ന് വിലയാധാരം ചെയ്ത് നൽകിയിട്ടുള്ളത്. ടി പാടുകൾ ഫീഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, നീണ്ടകര പുത്തൻപാട് ഊന്നിവലപ്പാട്ടിലെ 10, 11 എന്നീ 2 ഊന്നി വലപ്പാടുകൾ അപേക്ഷകനായ ശക്തികുളങ്ങര പുത്തൻതുരുത്ത് ജോസ് ഭവനിൽ ശ്രീ. പ്ലാസിഡ് പേർക്ക് പട്ടയം നൽകുന്നതിനെതിരെ ന്യായമായ പരാതി ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനുള്ളിൽ ഈ ആഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും ഇല്ല എന്ന് കണക്കാക്കി അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്ത് പുതിയ പട്ടയം നൽകുന്നതാണ്.

(2)

നമ്പർ ഐ/405/2018. 2018 സെപ്റ്റംബർ 6.

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ തൃക്കടവൂർ വില്ലേജിൽ മതിലിൽ കുരിശ്ശടി കിഴക്കതിൽ കസ്മേൽ ജയിംസ് പേർക്ക് കോട്ടയത്ത് പള്ളി വക സർവ്വെ 7595-ാം നമ്പർ വസ്തുവിന്റെ തെക്ക് കിഴക്കേ മൂലയിൽ നിന്നും 10 അടി തെക്ക് പടിഞ്ഞാറോട്ട് മാറി തെക്ക് കിഴക്കോട്ട് ദർശനമായി ഒരു ചീനവല പ്രവർത്തിപ്പിക്കുന്നതിന് മത്സ്യവകുപ്പ് അനുമതി നൽകിയിട്ടുള്ളതാണ്. ശ്രീ. കസ്മേൽ ജയിംസ് 14-12-1995-ന് മരണപ്പെട്ട സാഹചര്യത്തിൽ ടി ചീനവല തന്റെ പേരിലേക്ക് മാറ്റി അനുവദിക്കണമെന്ന് ശ്രീ. കസ്മേൽ ജയിംസിന്റെ ഭാര്യയും അനന്തരാവകാശിയുമായ ശ്രീമതി ത്രേസ്യാ ജയിംസ്, കുരിശ്ശടി കിഴക്കതിൽ, മതിലിൽ പി. ഒ., കൊല്ലം അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ടി ചീനവല അപേക്ഷകയായ ശ്രീമതി ത്രേസ്യാ ജയിംസ്, കുരിശ്ശടി കിഴക്കതിൽ, മതിലിൽ, കൊല്ലത്തിന്റെ പേർക്ക് പട്ടയം നൽകുന്നതിനെതിരെ ന്യായമായ പരാതി ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനുള്ളിൽ ഈ ആഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും ഇല്ല എന്ന് കണക്കാക്കി അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്ത് പുതിയ പട്ടയം നൽകുന്നതാണ്.

ഫിഷറീസ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കൊല്ലം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

---

വിജ്ഞാപനം

നമ്പർ 1/2018 2018 സെപ്റ്റംബർ 7.

ആലപ്പുഴ ജില്ലയിലെ മത്സ്യ വകുപ്പ് തേവർവട്ടം ഫിഷറീസ് സെക്ഷനിൽ കടുത്തപ്പാട്ട് ഊന്നിപ്പാട്ടിലെ 51-ാം നമ്പർ ഊന്നി ഒന്നാം തരത്തിൽപ്പെടുത്തി പി. ടി. ആർ.115/77 പട്ടയപ്രകാരം ചേർത്തല താലൂക്കിൽ പെരുമ്പളം വില്ലേജിൽ പുത്തൻചേപ്പേലിൽ വീട്ടിൽ ശ്രീ. വേലുകൊച്ചപ്പി പേർക്ക് പതിച്ച് നൽകിയിട്ടുള്ളതാകുന്നു.

എന്നാൽ ശ്രീ. വേലുവിന്റെ നിര്യാണത്തെ തുടർന്ന് അവകാശികളായ കുഞ്ഞമ്മ (ഭാര്യ) മക്കളായ സോമൻ, കാർത്ത്യായനി എന്നിവർ 16-5-1984-ൽ പൂച്ചാക്കൽ സബ് രജിസ്ട്രാർ ആഫീസിൽ 1567-ാം നമ്പർ ടി ഊന്നി വല ശ്രീ. ഷൺമുഖൻ വേലുകൊച്ചപ്പി, പുത്തൻചേപ്പേലിൽ പേർക്ക് കൂട്ടവകാശ ഒഴിവാധാരം നടത്തിയിട്ടുള്ളതാണ്. ടി ഷൺമുഖൻ ടി ഊന്നിവല തന്റെ പേരിൽ കൂട്ടി പോക്ക് വരവ് ചെയ്ത് പുതിയ പട്ടയം നൽകണമെന്ന് കാണിച്ച് പ്രമാണത്തിന്റെ ശരി പകർപ്പ് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു. അന്വേഷണത്തിൽ ടിയാൻ ഇപ്പോൾ മത്സ്യബന്ധന പ്രവർത്തനത്തിൽ ഏർപ്പെട്ട് കൊണ്ടിരിക്കുന്നു, മത്സ്യത്തോഴിലാളി കുടുംബത്തിൽപ്പെട്ട ആളുമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ കടുത്തപ്പാട്ട് ഊന്നിപ്പാട്ടിലെ 51-ാം നമ്പർ ഊന്നിയുടെ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം ടിയാന് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉണ്ടെങ്കിൽ അത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരു അറിയിപ്പ് കൂടാതെ ടി 51-ാം നമ്പർ ഊന്നിവലയുടെ പഴയ പട്ടയം റദ്ദ്ചെയ്ത് പുതിയ പട്ടയം ശ്രീ. കൊച്ചപ്പി മകൻ ഷൺമുഖൻ, പുത്തൻചേപ്പേലിൽ, പെരുമ്പളം പേർക്ക് നൽകുന്നതാണെന്ന് ഇതിനാൽ സകലമാന പേരേയും അറിയിച്ചുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
ആലപ്പുഴ. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.